(ബി) പദ്ധതികളൊന്നും നിലവില്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഫിഷറീസ് വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല.

(ബി) നിലവിൽ കടൽക്ഷോഭത്തിൽ ജീവനോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ജില്ലാകളക്ടർമാർ വഴിയാണ്.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം

152 (2971) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ, ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു ; ഇവരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ സാനിറ്റേഷൻ ടോയ്ലറ്റ് ഗ്രാന്റ് പദ്ധതികളിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചു ; പ്രസ്തുത ധനസഹായം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കി മത്സ്യഗ്രാമം അടിസ്ഥാനത്തിൽ പട്ടിക ലഭ്യമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ സർക്കാർ ക്വാട്ടയിൽ നാളിതുവരെ കൊയിലാണ്ടി മണ്ഡലത്തിൽ ഏതെല്ലാം വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പേര്, വിലാസം എന്നിവ വ്യക്തമാക്കി വിശദമാക്കാമോ ;

(ഡി) സർക്കാർ ക്വാട്ടയിൽ വീട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ആകെ 209 പേർക്ക് ധനസഹായം അനുവദിച്ചു. ആയതുസംബന്ധിച്ച വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ വിവിധ സാനിറ്റേഷൻ പദ്ധതികളിലായി ആകെ 282 പേർക്ക് ധനസഹായം അനുവദിച്ചു. ആയത് സംബന്ധിച്ച വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) വിശദ വിവരം അനുബന്ധം (സി)ആയി ചേർത്തിരിക്കുന്നു.*

(ഡി) ആകെ അനുവദിക്കുന്ന യൂണിറ്റുകളിൽനിന്നും 10 ശതമാനം ഗുണഭോക്താക്കളെ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് തെരഞ്ഞെടുക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ-പരിശീലന കേന്ദ്രം

153 (2972) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാലിൽ ആരംഭിക്കുന്ന കേന്ദ്രത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്കായി നബാർഡിൽനിന്ന് ലഭ്യമായിട്ടുള്ളത് ;

(സി) പ്രസ്തുത കേന്ദ്രം എന്നത്തേക്ക് ആരംഭിക്കാനാകും ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാൽ മത്സ്യഗ്രാമത്തിലുള്ള ഫിഷറീസ് വകുപ്പിന്റെ സ്ഥലത്ത് ഒരു ഫിഷറീസ് എക്സ്റ്റൻഷൻ-കം-ട്രെയിനിംഗ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.